മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സെൻസസ് എടുക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം അനുസരിച്ചാണ്. സംസ്ഥാന ഗവൺമെന്റിന് അതിന് അധികാരമില്ല. അതു സംബന്ധിച്ച അറിയിക്കലേയുള്ളൂ. രജിസ്ട്രാർ ജനറൽ സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ ചട്ടങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചാണ് സംസ്ഥാന സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ പ്രവർത്തിക്കുന്നത്. സെൻസസ് കണക്കെടുപ്പ് നടത്തുന്ന ഫെബ്രുവരി 9 മുതൽ 28 വരെയുള്ള കാലഘട്ടത്തിൽ വീട്ടിൽ താമസിക്കുന്നവരെയാണ് സെൻസസിൽ ഉൾപ്പെടുത്തുന്നത്. ലോകമെമ്പാടും സെൻസസിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമാണ് ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. നാട്ടിൽ ഇല്ലെങ്കിൽ പിന്നെ പോയതുതന്നെ. അതാണ് അതിന്റെ സ്ഥിതി. അതിൽ നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല. കേന്ദ്രത്തിൽ അറിയിക്കാമെന്നേയുള്ളൂ. വീടു മാത്രമല്ല. ലോകമാകെ അംഗീകരിച്ച സിസ്റ്റമാണ്. അതിനു വിധേയമായിട്ടാണ് നമ്മൾ പ്രവർത്തിക്കുന്നത്. അതാണ് ആദ്യം പറഞ്ഞത്. കേന്ദ്രസർക്കാരാണ് ഇതിനൊക്കെ ഉത്തരവാദി. അതു അറിയിക്കാമെന്ന് മാത്രമേയുള്ളൂ. മറ്റു വഴികളൊന്നുമില്ല. ലോകമെമ്പാടും സെൻസസിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമാണ് ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. ഇവിടെ മാത്രമല്ല, വീട്ടിൽ ഇല്ലെങ്കിൽ ഇല്ല എന്നുതന്നെയാണ് സെൻസസ് ഡയറക്ടർ ഇവിടെ എഴുതി തന്നിട്ടുള്ളത്. നമുക്ക് എഴുതിതന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താം. അതിനു മാത്രമേ ഇനി വഴിയുള്ളൂ.

മി. സ്പീക്കർ : ശ്രീമതി റോസമ്മ ചാക്കോ.....

(3) ലഘുസമ്പാദ്യപദ്ധതി ഏജന്റുമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയിലെ അപാകതകൾ

ശ്രീമതി റോസമ്മ ചാക്കോ : സർ, കേരളക്കരയിലെ പതിനായിരത്തിലധികം വരുന്ന ലഘുസമ്പാദ്യപദ്ധതി ഏജന്റുമാരുടെ ബുദ്ധിമുട്ടുകളെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കാളിംഗ് അറ്റൻഷനായി അവതരിപ്പിക്കേണ്ട പ്രാധാന്യമുള്ള വിഷയമാണെങ്കിൽപ്പോലും അതിനുസമയം കിട്ടാത്തതുകൊണ്ട് സബ്മിഷനായി അവതരിപ്പിക്കുകയാണ്. എൽ.ഐ.സി. ഏജന്റുമാർക്ക് പെൻഷൻ പദ്ധതി തുടങ്ങണമെന്നു പറഞ്ഞ് നിവേദനം നടത്തിയിട്ട് വളരെക്കാലമായി. 1997-98 വർഷത്തെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപനം ചെയ്തെങ്കിൽപ്പോലും 20-8-2000-ത്തിൽ ആണ് ഡയറക്ടർ അതിനുവേണ്ടി ഒരു ഉത്തരവ് ഇറക്കിയത്. അതിലെ അപാകതകൾ അപ്രായോഗികമാണെന്നുള്ളതു ചിന്തിച്ചിട്ടാണോ ഇപ്രകാരമൊരു പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചതെന്ന സംശയം തോന്നിപ്പോകുകയാണ്. അതിലെ പ്രധാനപ്പെട്ട ഒരു സംഗതിയെന്നു പറയുന്നത്, ഒരു ഏജന്റ് പ്രതിമാസം 200 രൂപ മുൻകൂറായി എൽ.ഐ.സി-യെ ഏല്പിക്കണമെന്നുള്ളതാണ്. എൽ.ഐ.സി. മുഖാന്തിരം നടത്താനുള്ള പെൻഷൻ പദ്ധതിയാണ്. ഏജന്റുമാർക്ക് അവരുടെ വെൽഫയർ സ്കീമുണ്ട്. അതിൽ 100 രൂപ മാസംതോറും അടയ്ക്കുന്നുണ്ട്. അതിനുപ്പുറമേയാണ് 200 രൂപ കൂടി അടച്ച് ഈ പെൻഷൻ പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അംഗമാകണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നത്. 200 രൂപ എവിടെ നിന്നുണ്ടാക്കുമെന്നതാണ് ഒന്നാമത്തെ കാര്യം. നമ്മുടെ രാജ്യത്തെ ഏജന്റുമാരിൽ ഏതാണ്ട് 50 ശതമാനത്തോളം ആളുകൾ ഇരുപതിനായിരത്തിനും പതിനായിരത്തിനുമിടയ്ക്ക് കളക്ഷൻ എടുക്കുന്നവരാണ്. ഇരുപതിനായിരം രൂപ മാസംതോറും കളക്ഷൻ എടുത്താൽ നാലു ശതമാനമാണ് കമ്മീഷൻ അവർക്ക് കിട്ടാറുള്ളത്. അതായത് ഏതാണ്ട് 700 രൂപ കിട്ടും. 700 രൂപയിൽ നിന്ന് 300 രൂപ. (നേരത്തെയുള്ള 100 രൂപയും ഇപ്പോൾ കൊടുക്കണമെന്നു പറയുന്ന 200 രൂപയും കൂടി കൂട്ടിയാൽ 300 രൂപ) പോയാൽ കിട്ടുന്നത് 400 രൂപയാണ്. ഏജന്റുമാരെല്ലാം പണക്കാരല്ല. ഗ്രാമഗ്രാമാന്തരം ഓടിനടന്ന് അമ്മമാരിൽനിന്ന് കൊച്ചുകൊച്ചു കാശുകൾ പിരിച്ചാണ് നിക്ഷേപമുണ്ടാക്കുന്നത്. അത് ഉപജീവനമാർഗ്ഗമായി റേഷനെങ്കിലും വാങ്ങിക്കാൻ കഴിയുമെന്നു കരുതിയാണ് അവർ ഇതിന് പോകുന്നത്. 400 രൂപ കൊണ്ട് ആ കുടുംബത്തിലെ കാര്യങ്ങൾ എങ്ങനെ കഴിയും ? അവർക്ക് റേഷൻ വേണ്ടേ ? പോസ്റ്റാഫീസിൽ പോകാൻ യാത്രാചെലവ് വേണ്ടേ ? അവർ നടന്നാണ് പോകുന്നത്. അതിന് ചെരുപ്പ് വേണം. അവർ കാറിലും സ്കൂട്ടറിലുമല്ല പോകുന്നത്. ഇതിനെല്ലാംകൂടി ആകെ 400 രൂപയാണ്. പതിനായിരം രൂപ കളക്ഷൻ ഉള്ളവരുടെ കാര്യം പറയാനുമില്ല. ഇവർ ഈ രൂപ അടയ്ക്കണമെന്ന് ഗവൺമെന്റ് പറയുന്നു. ഇപ്പോൾ എന്താണ് സ്ഥിതി? പത്തു മാസമായി ഈ ഏജന്റുമാർക്ക് അലവൻസ് കൊടുത്തിട്ട്. ഗവൺമെന്റ് പറയുന്നത് ഞങ്ങൾ അഞ്ചു കോടി രൂപ മാറ്റി വച്ചിട്ടുണ്ട് എന്നാണ്. മാറ്റി വച്ചാലും ഇല്ലെങ്കിലും ഡയറക്ടർ ഇപ്പോൾ ചെയ്തിരിക്കുന്നത് 45 ലക്ഷം രൂപ കരുതൽ നിക്ഷേപമല്ല, അഡ്വാൻസായി എൽ.ഐ.സി-ക്ക് കൊടുക്കാൻ പിടിച്ചുവച്ചിരിക്കുന്നു എന്നുള്ള കണക്കാണ്. ഇതുമൂലം ഏജന്റിന് എന്തെങ്കിലും പ്രയോജനമുണ്ടോ? യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല, അവരെ ബുദ്ധിമുട്ടിലാക്കുന്നു. ഗവൺമെന്റ്, എൽ.ഐ.സി-യെ ഈ പെൻഷൻ പദ്ധതി ഏൽപ്പിച്ചുകഴിഞ്ഞാൽ ഗവൺമെന്റിന് ഒരുത്തരവാദിത്വവുമില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്. പിന്നെയെല്ലാം എൽ.ഐ.സി. നടത്തിക്കൊള്ളണം. എൽ.ഐ.സി.യിലെ കാലാകാലങ്ങളിൽ ഉള്ള നിയമവ്യതിയാനങ്ങൾക്കനുസരിച്ച് ഇവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഗതികേട് ഒരു ഭാഗത്ത് നിൽക്കുന്നു. മറ്റൊന്ന്, 200 രൂപ അടച്ചാൽ.....

മി. സ്പീക്കർ : പ്ലീസ്, പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീമതി റോസമ്മ ചാക്കോ : എല്ലാവർക്കും പെൻഷൻ കിട്ടുമോ ? പത്തുവർഷം തുടർച്ചയായി അടച്ചുവെങ്കിൽ മാത്രമേ മിനിമം പെൻഷന് അവകാശമുള്ളൂ. മിനിമം പെൻഷൻ എത്രയാണെന്ന് പറഞ്ഞിട്ടില്ല. മിനിമം പെൻഷൻ.....

മി. സ്പീക്കർ : ഇതിലെ അപാകതകൾ പരിഹരിക്കുക എന്നുള്ളതാണ്.....

ശ്രീമതി റോസമ്മ ചാക്കോ : ഒരു ഏജന്റ് മരിച്ചാൽ അവർക്ക് അതിന് വിഹിതമായി അല്പമെന്തെങ്കിലും കിട്ടുമെന്നുള്ളതല്ലാതെ അവർ അടച്ച തുക പോലും ആ ഏജന്റിന്റെ കുടുംബത്തിലുള്ള ആളുകൾക്ക് കിട്ടുന്നില്ല. എൽ.ഐ.സി.യിൽ പണമടച്ചാൽ അങ്ങനെയല്ല. ഇത് വെറും അപ്രായോഗികമായ ഒരു പരിഷ്ക്കാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചുരുക്കി പറയണം. ഒരുപാട് സബ്മിഷൻസുണ്ട്.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഇത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. മറ്റൊന്ന്, ഓർഡറിനകത്ത് പ്രത്യേകം പറഞ്ഞിരിക്കുന്നത് ഏജന്റുമാരിൽ 75 ശതമാനം ആളുകൾ ഈ സ്കീമിൽ ചേർന്നുവെങ്കിലേ.....

മി. സ്പീക്കർ : ഇതു സബ്മിഷനാണ്. ഇതെത്ര നേരമായി ?

ശ്രീമതി റോസമ്മ ചാക്കോ : കാര്യങ്ങൾ മുഴുവൻ പറയണ്ടേ ?

മി. സ്പീക്കർ : എല്ലാം പറയാൻ പറ്റില്ല. ധാരാളം പേർക്ക് സബ്മിഷൻ കൊടുക്കണം. അതിന് മൂന്നു മണിക്കൂറെങ്കിലും വേണം.

ശ്രീമതി റോസമ്മ ചാക്കോ : 15,000 കുടുംബങ്ങളുടെ ദുരിതപൂർണ്ണമായ കാര്യം ഈ സഭയിലല്ലാതെ മറ്റെവിടെയാണ് പറയേണ്ടത്. ഇതെവിടെയാണ് പറയേണ്ടത് ? 75 ശതമാനം ആളുകളും ഇതിന് തയ്യാറല്ല.

മി. സ്പീക്കർ : ഇതു വളരെ കഷ്ടമാണ്.

ശ്രീമതി റോസമ്മ ചാക്കോ : അവർ തന്നെ തയ്യാറല്ല. കാരണം ഈ പെൻഷൻ പദ്ധതി അവർക്ക് സഹായകരമല്ല. 200 രൂപ വീതം റെക്കറിംഗ് ഡെപ്പോസിറ്റ് ഇട്ടാൽ അഞ്ചു കൊല്ലംകൊണ്ട് അവർക്ക് 16,000 രൂപ കിട്ടും. അത് വീണ്ടും ഇട്ടാൽ 32,000 രൂപ കിട്ടും. അവർക്ക് ബോണസും കമ്മീഷനുമൊക്കെ കിട്ടും. ഇത് ആർക്ക് വേണ്ടിയാണ് ഈ ഡയറക്ടറെക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്?

മി. സ്പീക്കർ : ആ പെൻഷൻ പദ്ധതിയിൽ ഉള്ള അപാകതകൾ പരിഹരിക്കുക എന്ന ഒറ്റ കാര്യമേയുള്ളൂ.

ശ്രീമതി റോസമ്മ ചാക്കോ : ഈ അപ്രായോഗികമായ സ്കീം അവർക്കു വേണ്ട എന്നാണ് പറയുന്നത്. ഗവൺമെന്റുദ്യോഗസ്ഥൻമാരെക്കൊണ്ട് അവരെ നിർബന്ധിപ്പിച്ച് ഇതിൽ മെമ്പർഷിപ്പ് എടുപ്പിക്കുകയാണ്. അതിൽ നിരാശപൂണ്ട അവർ കോടതിയെ സമീപിച്ചിരിക്കുകയാണ്. അവർക്ക് വേണ്ടാത്ത എൽ.ഐ.സി. സ്കീം സാമ്പത്തികമായി നഷ്ടം വരുത്തുന്ന എൽ.ഐ.സി. സ്കീം അടിച്ചേൽപ്പിക്കുന്ന ഗവൺമെന്റിന്റെ നയം തിരുത്തണം. അവരെ അതിന് നിർബന്ധിപ്പിക്കാൻ പാടില്ല. പുതിയ സ്കീം ഉണ്ടാക്കണം. വെൽഫയർ ബോർഡിൽ നിന്ന് പെൻഷൻ കൊടുക്കാൻ പറ്റണം.

മി. സ്പീക്കർ : കേരളത്തിലെ ലഘുസമ്പാദ്യപദ്ധതി ഏജന്റുമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കണം എന്ന ഒറ്റ വാചകമാണുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ദേശീയ സമ്പാദ്യപദ്ധതിയിൻ കീഴിൽ പണം സമാഹരിക്കുന്നതിനുവേണ്ടി ആയിരക്കണക്കിന് മഹിളാ പ്രധാൻ ഏജന്റുമാർ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

കുറേക്കാലമായി. ആ സഹോദരിമാരെപ്പറ്റി ഇന്നേവരെ ഒരു ഗവൺമെന്റും ഒന്നും ആലോചിച്ചിട്ടില്ല. അത് അജണ്ടയിൽ ഇല്ലായിരുന്നു. മഹിളാ പ്രധാൻ ഏജന്റുമാർക്ക് അവരുടെ ചിരകാലസ്വപ്നമായ പെൻഷൻ പദ്ധതി കഴിഞ്ഞ 17-ാം തീയതി തൃശൂരിൽ വച്ച് ഉത്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണനായിരുന്നു അദ്ധ്യക്ഷൻ. ഈ പെൻഷൻ പദ്ധതിയിൽ അപാകതകളുണ്ട്. ആ യോഗത്തിൽ പ്രൊഫ: മീനാക്ഷി തമ്പാനും കോൺഗ്രസ്സിന്റെ ഒരു കൗൺസിലർ ശ്രീമതി ലിസിയുമുണ്ടായിരുന്നു. ഞാൻ അവിടെ വച്ച് പറഞ്ഞതെന്താണ് ? ഈ പെൻഷൻ പദ്ധതി ഓപ്ഷണലാക്കാൻ പോകുന്നു. ഇഷ്ടമുള്ളവർ ചേർന്നാൽ മതി. രണ്ടാമത്, ഇതിൽ അപാകതകളുണ്ട്. കുറേ അനോമലീസ് ഉണ്ട്. ആ അനോമലീസ് മുഴുവൻ നമുക്ക് ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. ഒരു കരട് റിപ്പോർട്ട് ഉണ്ടായല്ലാതെ ഡിസ്ക്ഷനില്ല. അതുകൊണ്ട് പെൻഷൻ പദ്ധതി കൊണ്ടുവരുന്നു. അതിൽ എന്തെല്ലാം പോരായ്മകളുണ്ടോ, ആ പോരായ്മകളെല്ലാം ചർച്ചയ്ക്ക് വിധേയമാക്കും. ഗവൺമെന്റ് അതു മാറ്റുമെന്ന് ആയിരം പ്രാവശ്യം അവിടെ പറഞ്ഞതാണ്. പത്രങ്ങളിലൊക്കെ വന്നതാണ്.....അതുപോലെ.....(ബഹളം).....

മി. സ്പീക്കർ : നിയമസഭയിലും ഇപ്പോൾ പറയുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : നിയമസഭയിലും പറയുന്നു. (.....ബഹളം.....) നിയമസഭയിലാണ് പറയുന്നത്. അവരുടെ സംഘടനകൾ നിരവധിയുണ്ട്. അവരുമായിട്ട് ചർച്ച ചെയ്തപ്പോൾ ഞാൻ പറഞ്ഞതാണ്. നിങ്ങൾക്ക് വേണ്ടെങ്കിൽ വേണ്ടാ, ഇതുവരെ ഒന്നുമില്ലല്ലോ ? ഞാൻ ഉപയോഗിച്ച വാക്ക് something is better than nothing. That too optional. നരകത്തിലേയ്ക്ക് ഞാൻ വലിച്ചിട്ടില്ല. അത് ഓപ്ഷണലാണ്. ഇഷ്ടമുള്ളവർ ചേർന്നാൽമതി. അതിൽ അപാകതകളുണ്ടെങ്കിൽ അത് നമുക്ക് തിരുത്താം. എന്തെല്ലാം അപാകതകളുണ്ടെങ്കിലും തിരുത്താം. പക്ഷേ, എന്തെങ്കിലും ചെയ്തുപോയി എന്ന ഒരൊറ്റ അപരാധം മാത്രമേ ഈ സർക്കാർ ചെയ്തിട്ടുള്ളൂ. മഹിളാ പ്രധാൻ ഏജന്റുമാർക്ക് കൊടുക്കണമെന്ന് ആലോചിച്ചു. വളരെ കഷ്ടമാണ്. മഹിളാപ്രധാൻ ഏജന്റുമാർക്ക് മാതൃകാപരമായി ഒരു പെൻഷൻ സ്കീം നിങ്ങൾക്ക് കൊണ്ടുവരാമായിരുന്നില്ലേ ?..... (ബഹളം).....കൊണ്ടുവന്നോ? യു.ഡി.എഫ്. ഭരിച്ചപ്പോൾ കൊണ്ടുവന്നോ ? മഹിളാപ്രധാൻ ഏജന്റുമാർ എൽ.ഡി.എഫ്. ഉള്ളപ്പോൾ മാത്രം ഉള്ളതല്ല. നിങ്ങൾ അതിനെപ്പറ്റി ചിന്തിച്ചോ ?.....

ശ്രീ. ഇ. എം. അഗസ്തി : അതു ഗവൺമെന്റിന്റെ ജോലിയാണ്. (.....ബഹളം.....)

ശ്രീ. ടി. ശിവദാസമേനോൻ : ഇല്ല. അതു നടപ്പിലാക്കിയപ്പോൾ അതിൽ അപാകതകൾ പരിഹരിക്കാമെന്നു പറഞ്ഞാലും വിടില്ല എന്നാണോ ? പതിനായിരക്കണക്കിനുള്ള സഹോദരിമാരെ സാക്ഷി.....(.....ബഹളം.....)

മി. സ്പീക്കർ : പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സാക്ഷി നിർത്തിയാണ് ഉത്ഘാടനം ചെയ്തത്. പ്രൊഫ: മീനാക്ഷി തമ്പാനും ഉണ്ടായിരുന്നു. അങ്ങനെയാണ് അതിന്റെ ഉത്ഘാടനം ചെയ്തത്. അതിൽ ബേജാറായിട്ട് കാര്യമില്ല. നല്ല കാര്യം ചെയ്യുമ്പോൾ ആളുകൾ കൂടും. അതിൽ സങ്കടപ്പെട്ടിട്ടു കാര്യമില്ല. അവനവൻ ഭരിക്കുമ്പോൾ ഇതൊക്കെ മറക്കുകയാണ്. പിന്നെ ഒരാൾ എന്തെങ്കിലും ചെയ്താൽ അതിൽ അപാകതകളുണ്ട്.....ഉണ്ടെങ്കിൽ അത് തിരുത്താമെന്ന് പറഞ്ഞു. എന്നാലും വിടില്ലാന്നുവച്ചാൽ..... ? ഇതിത്ര ക്രൂരമാകുമോ ? അത്ര മാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. സ്പീക്കർ : മറുപടി മതി. ശ്രീ. ഇ. എം. അഗസ്തി.....

ശ്രീ. ഇ. എം. അഗസ്തി : ഞാൻ സഹകരിക്കാം. പക്ഷേ, മറുപടി ഇതുപോലെയാകരുത്.

മി. സ്പീക്കർ : സബ്മിഷൻസ് ധാരാളമുണ്ട്. രണ്ട് വാക്ക് പറയുക. സമയമില്ല. സഹകരിക്കുകയല്ലേ വേണ്ടത്. രണ്ട് വാക്ക് പറഞ്ഞാൽ മതി. സഹകരണമല്ലേ പ്രശ്നം.

(4) ക്ഷീര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഇ. എം. അഗസ്തി : സർ, കേരളത്തിലെ 10 ലക്ഷത്തോളം വരുന്ന ക്ഷീരകർഷകരുടെ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽ മുമ്പും കൊണ്ടുവന്നിട്ടുള്ളതാണ്. തീറ്റ വസ്തുക്കളുടെ വില വർദ്ധിക്കുന്നു. കാലിത്തീറ്റയും കച്ചിയുമെല്ലാം അന്യസംസ്ഥാനങ്ങളിൽനിന്നും വരികയാണ്. കന്നുകാലികളുടെ സംരക്ഷണ ചെലവ് കൂടുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ വാങ്ങുന്നതിന് സംഭരണ ഏജൻസികൾക്ക് കഴിയുന്നുമില്ല. കേരളത്തിന് പുറത്തുനിന്നും ഗുണനിലവാരം കുറഞ്ഞ പാൽ കേരളത്തിലെ മാർക്കറ്റിൽ സുലഭമായി ലഭിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് പുറത്തുനിന്നും കേരളത്തിലേയ്ക്കുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. പുറത്തുനിന്നും വരുന്ന പാലിന് ഒരു എൻട്രി ടാക്സ് ഏർപ്പെടുത്തുമെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞതാണ്. അത് ഗൗരവമായി ആലോചിക്കുകയും ഫലപ്രദമായ നടപടി സ്വീകരിക്കുകയും ചെയ്യണം. ഞാൻ ഒരു സ്വകാര്യ ബിൽ അവതരിപ്പിച്ചുകൊണ്ട് ക്ഷീരകർഷകരുടെ പെൻഷൻ പദ്ധതിയെപ്പറ്റി സംസാരിച്ചപ്പോൾ അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബിൽ പിൻവലിക്കണമെന്ന് അങ്ങ് ആവശ്യപ്പെട്ടിരുന്നു. ഇതുവരെ അതുസംബന്ധിച്ച് ഒരു നടപടിയും ഉണ്ടായിട്ടില്ല. ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. പെൻഷൻ അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ പ്രധാനപ്പെട്ട സെന്റേഴ്സ് എല്ലാം വരുന്ന സ്ഥലങ്ങളിൽ കളക്ടർ ചെയർമാനായും ആരോഗ്യവകുപ്പിലെയും ക്ഷീര വകുപ്പിലെയും ഉദ്യോഗസ്ഥർ അംഗങ്ങളായിട്ടുള്ളതുമായ സമിതി ഉണ്ടാക്കിയിട്ടുണ്ട്. അവർ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly